ശ്രീ. മണിമംഗലത്തു കുട്ട്യാലി : വച്ചുപിടിപ്പിച്ച തൈകളും വളരെ ചെറുപ്പത്തിലേ നശിച്ചുപോകുന്നത് അതിനു വേണ്ടത്ര സംരക്ഷണം ലഭിക്കാത്തതുകൊണ്ടാണ്. അതിനു സംരക്ഷണം ലഭിക്കാനാവശ്യമായ എന്തു നടപടിയാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഇന്നത്തെ നിലയിൽ റോഡ്സൈഡുകളിൽ വച്ചുപിടിപ്പിക്കുന്ന തൈകൾക്ക് വേലികെട്ടി സംരക്ഷണം കൊടുക്കുന്നുണ്ട്. മറ്റ് സ്ഥലങ്ങളിൽ കാലാകാലങ്ങളിലുള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തും. പൊതുവായി കുറച്ച് ഏരിയാ കൂടുതലുള്ള സ്ഥലങ്ങളിലാണ് ഇപ്പോൾ ഇത് നടന്നുവരുന്നത്.

പരമ്പരാഗത വ്യവസായങ്ങൾക്ക് ചെലവഴിച്ച സംഖ്യ

* 332. [358] ശ്രീ. ഒ. ഭരതൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, പി. സി തോമസ് (കടുത്തുരുത്തി) :
,, ടി. കെ. ആറുമുഖൻ :
,, കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ചെലവഴിച്ച തുക എത്ര വീതം ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ, ബി) വിവരങ്ങളടങ്ങിയ ഒരു കുറിപ്പ് മേശപ്പുറത്തു വച്ചിട്ടുണ്ട്. † അതിന്റെ കുറെ ഭാഗങ്ങൾ ഞാൻ വായിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : മുഴുവൻ വായിക്കണ്ട.

ശ്രീ. ഇ. അഹമ്മദ് : കയർ വ്യവസായത്തിന്റെ തകർച്ചക്ക് കാരണമായിട്ടുള്ള രണ്ട് പ്രധാന ഘടകങ്ങളും, സ്റ്റോക്ക് വിൽക്കാതെ കെട്ടിക്കിടക്കുന്നതും തൊണ്ടു കിട്ടാനുള്ള ബുദ്ധിമുട്ടുമായിരുന്നു. അതുകൊണ്ട് കയർ സംഘങ്ങളിൽ കെട്ടിക്കിടന്ന കയറും കയറുൽപ്പന്നങ്ങളും വാങ്ങുന്നതിന് കയർ മാർക്കറ്റിംഗ് ഫെഡറേഷന് ധനസഹായം നൽകിയിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : മുഴുവൻ വായിക്കണ്ട. പ്രധാനപ്പെട്ടവ പറഞ്ഞാൽ മതി.

ശ്രീ. ഇ. അഹമ്മദ് : കയറിന് ഗവൺമെൻറ് നൽകിയിട്ടുള്ള സഹകരണ വൽക്കരണപദ്ധതിക്കാവശ്യമായ മൂലധനനിക്ഷേപം, മാനേജീരിയൽ ഗ്രാൻറ്, ഫെഡറേഷന് വിൽപ്പനശാലകൾ തുടങ്ങുന്നതിനുള്ള ഗ്രാൻറ്, സംഘങ്ങൾക്ക് റാട്ട്, തറികൾ എന്നിവ വാങ്ങുന്നതിനുള്ള സാമ്പത്തികസഹായം, തൊണ്ടു സംഭരണം ശക്തിപ്പെടുത്താനാവശ്യമായ പുതിയ ലെവി സമ്പ്രദായം ഏർപ്പെടുത്തൽ, കയർ സഹകരണസംഘങ്ങളുടെ നഷ്ടം നികത്തുന്നതിനായുള്ള

† ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വൈപ്പിംഗ് ഓഫ് ലോൺ മുതലായവയെ സംബന്ധിച്ചും കയറുൽപ്പന്നങ്ങളുണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കയർ സംഘങ്ങൾക്ക് എൻ.സി.ഡി.സി. യുടെ സഹായത്തോടുകൂടി സാമ്പത്തികസഹായം നൽകുക അതായത് 65 ശതമാനം എൻ.സി.ഡി.സി ലോൺ, 26 ശതമാനം സംസ്ഥാന ഗവൺമെൻറ് ഷെയർ, 9 ശതമാനം അർബൻ സൊസൈറ്റികൾ വഹിക്കുക, കയറിന്റെ ആഭ്യന്തരവിപണി ശക്തിപ്പെടുത്തുന്നതിനായി മറ്റ് സ്ഥലങ്ങളിൽ ഡൽഹി, കൽക്കട്ട, ശ്രീനഗർ, ബാംഗ്ലൂർ, ബോംബെ, ഗോഹട്ടി, ലക്നൗ മുതലായ സ്ഥലങ്ങളിൽ പ്രദർശനങ്ങൾ നടത്തുക എന്നിവയൊക്കെയാണ് കയറിനെ സംബന്ധിച്ച് വിശദമായി പറഞ്ഞിട്ടുള്ളത്.

കൈത്തറിയെ സംബന്ധിച്ചിടത്തോളം, നെയ്ത്തുസഹകരണസംഘങ്ങളിലെ അംഗങ്ങൾക്ക് മൂലധനം, ഫാക്ടറി കെട്ടിടങ്ങളും തറികളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനുള്ള വായ്പ, സംഘങ്ങൾക്കാവശ്യമായ പ്രവർത്തന മൂലധനം, മാനേജീരിയൽ ഗ്രാൻറ്, തറികൾ മോഡേണൈസ് ചെയ്യാനുള്ള കാശ്, സംഘങ്ങൾക്ക് മൊബൈൽ വാൻ വാങ്ങാനുള്ള സഹായം, ഹാൻറെക്സ്, ഹാൻവീവ് എന്നിവയ്ക്കുള്ള സഹായം നെയ്ത്തുകാർക്കുള്ള പരിശീലനവും തറികൾ വാങ്ങലും, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പ്രത്യേകമായ ധനസഹായം തുടങ്ങിയ ഒരുപാട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്.

കരകൗശല വ്യവസായത്തെ സംബന്ധിച്ചിടത്തോളം കരകൗശല സഹകരണസംഘങ്ങൾ വഴിയും കരകൗശല കോർപ്പറേഷൻ വഴിയും സഹായം നൽകുക, അവർ വാങ്ങുന്ന ആർട്ടിസാൻസ് സാധനങ്ങൾക്കെല്ലാം സബ്സിഡി തുക ഗവൺമെൻറ് കൊടുക്കുക മുതലായവ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

കശുവണ്ടിവ്യവസായത്തെ സംബന്ധിച്ചിടത്തോളം കശുവണ്ടി സംഭരണത്തിനുവേണ്ടി ഗവൺമെൻറ് എടുത്ത നടപടികളും അതിനാവശ്യമായ പ്രത്യേക സംവിധാനങ്ങളും പൂട്ടിക്കിടന്ന പത്ത് സൊസൈറ്റികൾ ഏറെടുത്തുകൊണ്ടുള്ള കാപ്പക്സിന്റെ പ്രവർത്തനത്തെപ്പറ്റിയും പറഞ്ഞിട്ടുണ്ട്.

കയർ, കൈത്തറി, കരകൗശലം എന്നിവയ്ക്ക് 1982-83 മുതൽ 1986-87 വരെയുള്ള കാലങ്ങളിൽ കൊടുത്ത തുക പ്രത്യേകം കാണിച്ചിട്ടുണ്ട്. അത് താഴെ പറയും പ്രകാരമാണ്.

വർഷം	കയർ	കൈത്തറി (രൂപ ലക്ഷത്തിൽ)	കരകൗശലം
1982-83	261.01	461.08	41,98,628
1983-84	324.99	521.43	38,46,600
1984-85	371.82	596.37	29,12,637
1985-86	155.23	931.77	34,19,874
1986-87	80.70	311.23	13,47,554

(ഇതുവരെ ചെലവഴിച്ചത്)

1984-85-ൽ കാപ്പക്സിന് കശുവണ്ടി സംഭരണത്തിന് അഡ്വാൻസായി ഒരു കോടി രൂപയും പ്രാഥമിക സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം, സാമ്പത്തികസഹായം എന്നിവയ്ക്കായി 28,09,100 രൂപയും കോർപ്പറേഷന്റെ നടത്തിപ്പിനുള്ള വായ്പയായി 375 ലക്ഷം രൂപയും കോർപ്പറേഷന്റെ പീനൽ ഇൻറെറസ്റ്റ് ഒഴിവാക്കാൻവേണ്ടി 63.18 ലക്ഷം രൂപയും കൊടുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ: പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിനുവേണ്ടി ഗവൺമെൻറ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നാണ് ചോദിച്ചത്. കയർ, കശുവണ്ടി, കൈത്തറി, കരകൗശലം തുടങ്ങിയവ ഏതെല്ലാമാണ് പരമ്പരാഗത വ്യവസായങ്ങളിൽപ്പെടുന്നതെന്നുള്ളതിനെ സംബന്ധിച്ച് ശാസ്ത്രീയമായിട്ടുള്ള ഒരു പഠനം നടത്തി അതിന് നിർവ്വചനം കൊടുക്കുന്നതിന് അടിസ്ഥാനപരമായിട്ട് എന്തെല്ലാം കാര്യങ്ങളാണ് ഗവൺമെൻറ് സ്വീകരിച്ചതെന്ന് പറയണം. അത് ചോദിക്കുമ്പോൾ ഗവൺമെൻറിനിഷ്ടമുള്ള നാലു വ്യവസായങ്ങളെപ്പറ്റിയാണോ പറയേണ്ടത്?

ശ്രീ. ഇ. അഹമ്മദ്: പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളതെന്നാണ് ചോദ്യം. കൈത്തറി, കയർ, കശുവണ്ടി, കരകൗശലം തുടങ്ങിയവയെയാണ് വളരെക്കാലമായി പ്രധാനമായിട്ടും ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതോടൊപ്പംതന്നെ ഇതിൻെറ ആനുകൂല്യങ്ങൾ പനമ്പ്, ബീഡി തൊഴിലാളികൾക്കുകൂടി ലഭ്യമാക്കാനുള്ള നടപടി എടുത്തിട്ടുണ്ട്. പ്രധാനമായും പരമ്പരാഗത വ്യവസായങ്ങളായി കണക്കാക്കിയിട്ടുള്ള വ്യവസായങ്ങളുടെ കാര്യങ്ങളാണ് ഇതിൽ പറഞ്ഞിട്ടുള്ളത്.

ശ്രീ. ഒ. ഭരതൻ: ഓരോ വ്യവസായത്തെയും പരമ്പരാഗത വ്യവസായമായിട്ട് കണക്കാക്കുന്നതിന് അടിസ്ഥാനപരമായിട്ട് എടുക്കുന്ന മാനദണ്ഡമെന്താണെന്ന് പറയണം. ഗവൺമെൻറിനിഷ്ടമുള്ള നാലു വ്യവസായങ്ങൾ പരമ്പരാഗത വ്യവസായങ്ങളാണെന്ന് പറഞ്ഞാൽ പോരാ.

ശ്രീ. ഇ. അഹമ്മദ്: ഇതുവരെയും പരമ്പരാഗത വ്യവസായം എന്താണെന്നുള്ളതിന് ഒരു നിർവ്വചനം പ്രത്യേകമായി ഉണ്ടാക്കിയിട്ടില്ല. പരമ്പരാഗത വ്യവസായമായി കരുതി വരുന്നത് കൈത്തറി, കയർ, കശുവണ്ടി തുടങ്ങിയ വ്യവസായങ്ങളെയാണ്. അതിനിടയ്ക്ക് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ പനമ്പ് വ്യവസായത്തിലേർപ്പെടുന്നവർ കൂടി ഇതിലുൾപ്പെടുന്നവരാണെന്നും അവരെക്കൂടി ഉൾപ്പെടുത്തണമെന്നും പറഞ്ഞു. അതുപോലെതന്നെ ബീഡിത്തൊഴിലിനെയും പരമ്പരാഗത വ്യവസായത്തിലുൾപ്പെടുത്തി.

ശ്രീ. ഒ. ഭരതൻ: സ്റ്റേറ്റുമെൻറിലെ വസ്തുതകളാണ് ഞാൻ പറയുന്നത്. കയർ വ്യവസായത്തിന് 1982-83-ൽ 261 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 1985-86-ൽ 155.23 ലക്ഷം രൂപയായിട്ട് അത് കുറഞ്ഞു. കൈത്തറി വ്യവസായത്തെ സംബന്ധിച്ചിടത്തോളം 1982-83-ൽ 461 ലക്ഷം രൂപ ചെലവഴിച്ചപ്പോൾ 1986-87 ആകുമ്പോൾ 311 ലക്ഷമായിട്ട് അത് ചുരുങ്ങി. കരകൗശല വസ്തുക്കളുടേയും സ്ഥിതി അതുതന്നെയാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ എത്ര ലക്ഷം രൂപ ചെലവഴിച്ചു? ഓരോ കൊല്ലം കഴിയുമ്പോഴും പരമ്പരാഗത വ്യവസായങ്ങളെ ക്ഷീണിപ്പിക്കുന്നതിനും അതിനെ തകർക്കുന്നതിനും ശ്രമിക്കുകയാണ്. ഓരോ പരമ്പരാഗത മേഖലയ്ക്കും നീക്കിവയ്ക്കുന്ന സംഖ്യ ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. ആ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുപകരം അതിനെ തകർച്ചയിലേക്ക് നയിക്കുന്ന നടപടികളാണ് ഈ ഗവൺമെൻറ് ചെയ്തുകൊണ്ടിരിക്കുന്നത്. അതിനെപ്പറ്റി എന്താണ് പറയാനുള്ളത്?

ശ്രീ. ഇ. അഹമ്മദ്: കയറിന് 1982-83-ൽ 261.01 ലക്ഷം രൂപ കൊടുത്തു. 1983-84-ൽ 324.99 ലക്ഷം രൂപയും 1984-85-ൽ 371.82 ലക്ഷം രൂപയും കൊടുത്തു. ഇത് പ്രധാനമായും കൊടുക്കുന്നത് കോ-ഓപ്പറേറീവ്

LIBRARY ARCHIVES Kerala Legislative Assembly

ബേസിസിലാണ്. ആ സ്കീമിലുള്ള പണത്തിൽ സൊസൈറ്റികൾക്ക് അത്രയേ അബ്സോർബ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളു. ഈ കാലഘട്ടത്തിലാണ് പ്രൈമറി സഹകരണസംഘങ്ങൾക്ക് മൂന്നുകോടി രൂപയുടെ ക്യാഷ് ക്രെഡിറ്റ് പ്രകാരമുള്ള പണം ലഭ്യമായത്. ഇതിനുവേണ്ടി കയർ ഫെഡറേഷന് ആറുകോടി തൊണ്ണൂറ്റിനാലു ലക്ഷം രൂപ ഇതൊന്നും കൂടാതെ ഗവൺമെന്റിന്റെ ഗ്യാരൻറിയോടുകൂടി ലഭ്യമാക്കുകയും ചെയ്തു. അതുകൊണ്ട് തുക ഒരിക്കലും കുറഞ്ഞിട്ടില്ല. പിന്നെ അദ്ദേഹം കൈത്തറിയെ സംബന്ധിച്ചാണ് പറഞ്ഞത്. ഏറ്റവുമധികം തുക കൈത്തറിക്ക് ചെലവഴിച്ചത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. 1982-83-ൽ 461-ഉം 1986-87-ൽ 311-ഉം ചെലവഴിച്ചു. 1986-87 അവസാനിച്ചിട്ടില്ല എന്നു ബഹുമാനപ്പെട്ട മെമ്പർക്ക് അറിഞ്ഞുകൂടേ ? ഇത് നവംബർ മാസമാണ്. ഇനിയും മാസങ്ങളുണ്ട്. അതുകൊണ്ട് മുൻകൂട്ടി ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്താൻവേണ്ടി പറയുന്നതു ശരിയല്ല. ഈ ഗവൺമെന്റിന്റെ കാലത്താണ് കൈത്തറി രംഗത്ത് മാത്രം 28 കോടിയിൽ അധികം രൂപ ചെലവഴിച്ചത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പരമ്പരാഗത വ്യവസായങ്ങളെ രക്ഷിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി ആഭ്യന്തര മാർക്കറ്റ് വികസിപ്പിക്കുന്നതിനും വിദേശ മാർക്കറ്റ് കണ്ടുപിടിക്കുന്നതിനും ഈ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. ഇ. അഹമ്മദ് : ആഭ്യന്തര മാർക്കറ്റ് വികസിപ്പിക്കുന്നതിന് പഴയ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതും ഈ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതുമായ ഷോറൂമുകൾ തുടർന്നു പോകുകയാണ്. ഷോറൂമുകൾ തുടങ്ങിയും എക്സിബിഷനുകൾ നടത്തിയും ഇത് ചെയ്യുന്നുണ്ട്. വിദേശ വിപണി വർദ്ധിപ്പിക്കുന്നതിന് വിദേശ ഗവൺമെന്റിന്റെ കമേർഷ്യൽ മിനിസ്ട്രിയുമായി ബന്ധപ്പെട്ടുകൊണ്ട് ട്രെൻഡ് സെറ്റേഴ്സ് നൽകുന്ന പുതിയ പുതിയ ഡിസൈനുകൾ മുൻകൂട്ടി ഉൽപ്പാദകർക്ക് എത്തിച്ചുകൊടുക്കാനുള്ള കാര്യങ്ങൾ ചെയ്യുന്നുണ്ട്. കയർ കയറ്റുമതിക്ക് ഷിപ്പിൽ ആവശ്യമായ സ്ഥലം ശരിയാക്കുന്നുണ്ട്. ഷിപ്പിംഗിനുവേണ്ടി കൂടുതൽ സ്ഥലം ലഭ്യമായി കൊണ്ടിരിക്കുകയാണ്. കശുവണ്ടിക്ക് വിദേശ വിപണിയിൽ നല്ല മാർക്കറ്റ് കണ്ടുപിടിച്ചിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പരമ്പരാഗത വ്യവസായങ്ങളുടെ കൂട്ടത്തിൽ ബീഡി ഉൾപ്പെടുന്നുണ്ടോ, ബീഡി വ്യവസായത്തിന്റെ രക്ഷയ്ക്കു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. ഇ. അഹമ്മദ് : ബീഡി പരമ്പരാഗത വ്യവസായത്തിൽ ഉൾപ്പെടുന്നുണ്ട്. ദിനേശ് ബീഡി സഹകരണസംഘത്തിലേക്ക് ആവശ്യമായ സൗകര്യങ്ങൾ—ഇ.എസ്.ഐ., പി.എഫ്.-ന്റെ പിടിച്ചെടുക്കൽ നടപടി വന്നപ്പോൾ ഗവൺമെന്റ് ഇടപെട്ട് അത് സ്റ്റേ ചെയ്യുകയും അതിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ അവരുമായി ആലോചിക്കുകയും ചെയ്തു.

ശ്രീ. ടി. കെ. അറുമുഖൻ : (ബി) ക്ക് ഉത്തരമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെലവഴിച്ച തുകയെ സംബന്ധിച്ച് പറഞ്ഞു. കരകൗശല രംഗത്ത് 1982-83-ൽ 41.92 ലക്ഷം രൂപ ചെലവഴിച്ചു എന്നു പറഞ്ഞിട്ടുണ്ട്. അവസാനം അത് 29 ആയിട്ട് ചുരുങ്ങിയിരിക്കുന്നു. അത് ചുരുങ്ങാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : ഇത് സെയിൽസ് അനുസരിച്ചാണ് കൊടുക്കുക. 1986-87-ൽ 13 ലക്ഷം ആയിരുന്നു. ഡിസംബർ മാസത്തിൽ തന്നെ ഒരാഴ്ച കാലം ഇൻഡ്യാ ഗവൺമെൻറിന്റെ ആഭിമുഖ്യത്തിൽ ഹാൻഡിക്രാഫ്റ്റ് എക്സിബിഷൻ എന്നു പറഞ്ഞ് അഖിലേന്ത്യാ അടിസ്ഥാനത്തിൽ വിൽപ്പന നടത്തുമ്പോൾ വിൽപ്പനയ്ക്കുള്ള പത്തുശതമാനം റിബേറ്റ് കിട്ടും. അതിൽ അഞ്ച് ശതമാനം കോർപ്പറേഷനോ അല്ലെങ്കിൽ അപ്പെക്സ് സൊസൈറ്റിയോ കൊടുക്കും. അഞ്ചുശതമാനം ഗവൺമെൻറ് കൊടുക്കും. അതുകൂടി വരുകയാണെങ്കിൽ കുറേയധികം തുക വരും. ഇപ്പോഴും ഇത് വിൽപ്പനയെ ആശ്രയിച്ചാണ് സാധാരണ നിൽക്കുന്നത്.

ശ്രീ. ടി. കെ. അറുമുഖൻ : കരകൗശല രംഗത്തിന് ആവശ്യമായ മെറ്റീരിയൽസ് (മരം) കിട്ടുന്നില്ല എന്ന പ്രശ്നം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; അത് കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുമ്പോഴൊക്കെ അതിനുവേണ്ടി ബന്ധപ്പെട്ട നടപടികളും എടുത്ത് മെറ്റീരിയൽസ് ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്.

ശ്രീ. കെ. പുരുഷോത്തമൻ : പരമ്പരാഗത വ്യവസായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങളും കേരളത്തിൽ തന്നെ വിറ്റഴിക്കാൻ ശ്രമിക്കുമോ ? മറ്റ് സംസ്ഥാനത്തിലുണ്ടാകുന്ന ഉൽപ്പന്നങ്ങളുടെ വിപണനകേന്ദ്രമായി കേരളം ഇന്ന് മാറിയിരിക്കുകയാണ്.

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് രണ്ടും നടത്തിവരികയാണ്. ബന്ധപ്പെട്ട സംഘങ്ങളും വഴിയും ഗവൺമെൻറിന്റെ കോർപ്പറേഷൻ വഴിയും.

ശ്രീ. കെ. പുരുഷോത്തമൻ : ഈ വ്യവസായങ്ങൾക്ക് ചുരുങ്ങിയ വിലയ്ക്ക് അസംസ്കൃത സാധനങ്ങളും നൽകാൻ എന്തെങ്കിലും സംവിധാനം ഗവൺമെൻറ് ഏർപ്പെടുത്തിയിട്ടുണ്ടോ ? ഉദാഹരണത്തിന് കൈത്തറി നൂലിന്റെ വിലയാണ് കൈത്തറിയുൽപ്പന്നങ്ങളുടെ വിലക്കയറ്റത്തിന് പ്രധാന കാരണം. അതിന് എന്തെങ്കിലും പരിഹാരം കാണാൻ ശ്രമിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : നൂലിന്റെ വില നിയന്ത്രിക്കാൻ സംസ്ഥാന ഗവൺമെൻറിനെക്കൊണ്ട് മാത്രം സാദ്ധ്യമല്ല. അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള പ്രതിഭാസമായതുകൊണ്ട് നൂലിന്റെ വില പിടിച്ചുനിറുത്തുന്നതിനായിട്ടാണ് ഹാൻവീവ് തന്നെ രണ്ട് നൂൽ ബാങ്കുകളും കേരളത്തിൽ തുടങ്ങിയത്. എന്നാട്ടും പല സഹകരണസംഘങ്ങൾക്കും പ്രയാസമുണ്ട് എന്നുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് അപ്പപ്പോൾ സംസ്ഥാന ഗവൺമെൻറ് ബന്ധപ്പെട്ടവരെ അറിയിക്കാറുണ്ട്.

ശ്രീ. ഇ. കെ. നായനാർ : കയർ കരകൗശലമേഖലകളിൽ ലക്ഷക്കണക്കിന് ആളുകൾ ജോലി ചെയ്യുന്നുണ്ട്. അതിൽനിന്നുള്ള വരുമാനം കുറവാണെന്ന് മന്ത്രി തന്നെ പറഞ്ഞു. രണ്ടുഡസൻ കശുവണ്ടി ഫാക്ടറികൾ പൂർണ്ണമായി പൂട്ടിക്കഴിഞ്ഞിരിക്കുകയാണ്. അവിടെ പണിയെടുക്കുന്ന തൊഴിലാളികൾ അങ്ങേയറ്റം ദുരിതത്തിലാണ്. അത് തുറക്കാനോ ഗവൺമെൻറ് ഏറ്റെടുക്കാനോ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? ഏത്ര കമ്പനികൾ പൂർണ്ണമായി പൂട്ടിയെന്നാണ് ഔദ്യോഗികമായി കിട്ടിയ കണക്ക് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : ഈ ഗവൺമെൻറ് നടപടികൾ എടുത്തു എന്നാണ് പറഞ്ഞത്. കശുവണ്ടി ഫാക്ടറികളെ സംബന്ധിച്ചിടത്തോളം കാപ്പെക്സ് പത്തു സഹകരണസംഘങ്ങളാണ് ഇപ്പോൾ എടുത്തത്. ഇനിയും സഹകരണ സംഘങ്ങൾ എടുക്കുവാൻ ഉദ്ദേശമുണ്ട്. പക്ഷേ തോട്ടണ്ടിയുടെ ലഭ്യത കണക്കിലെടുത്തുകൊണ്ട് മാത്രമേ അത് സാദ്ധ്യമാകുകയുള്ളൂ. പ്രതിപക്ഷ നേതാവ് പ്രത്യേക ചോദ്യമായി ചോദിച്ചാൽ മുഴുവൻ ഡീറ്റെയിൽസും തരാം.

ശ്രീ. ഇ. കെ. നായനാർ : പൂർണ്ണമായി പൂട്ടിക്കഴിഞ്ഞത് എത്രയെണ്ണമാണ് ?

ശ്രീ. ഇ. അഹമ്മദ് : പൂർണ്ണമായി പൂട്ടാത്തതുകൊണ്ടാണ് പ്രത്യേകം ചോദ്യം ചോദിച്ചാൽ കണക്ക് തരാമെന്ന് പറഞ്ഞത്.

ശ്രീ. കെ. സി. ജോസഫ് : പരമ്പരാഗത വ്യവസായ മേഖലയിൽ പിൻതുടരുന്ന കാലഹരണപ്പെട്ട സമ്പ്രദായംമൂലം ആ വ്യവസായ മേഖലയിലെ ഉൽപ്പന്നങ്ങളുടെ ക്വാളിറ്റി മോശപ്പെടുന്നുണ്ട്. ഇതുമൂലം ആഗോള മാർക്കറ്റിൽ ഇത് വിറ്റഴിക്കാൻ സാധിക്കുന്നില്ല. പരമ്പരാഗത വ്യവസായ മേഖലയിലെ ക്വാളിറ്റി ഇംപ്രൂവ്മെൻറിനുവേണ്ടി മോഡേണൈസേഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ. ഉണ്ടെങ്കിൽ ഏതെല്ലാം മേഖലയിലാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. ഇ. അഹമ്മദ് : പരമ്പരാഗത വ്യവസായങ്ങളിലെയെല്ലാം ക്വാളിറ്റി മോശമാണെന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് ശരിയല്ല. ചില സമയത്ത് അങ്ങനെ വരാറുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം കേരളത്തിലെ ഉൽപ്പന്നങ്ങളുടെ ക്വാളിറ്റിയെ സംബന്ധിച്ച് ആക്ഷേപം ഉണ്ടായിട്ടില്ല. ചിലപ്പോൾ അങ്ങനെയുണ്ടാകാറുണ്ട്. പഴയ ഗവൺമെൻറും ഈ ഗവൺമെൻറും അംഗീകരിച്ച തത്വമാണ് മോഡേണൈസേഷൻ. അത് നടപ്പിലാക്കണമെങ്കിൽ അംഗീകൃതമായ നടപടികൾ നടപ്പിൽ വരുത്തണം.

ശ്രീ. കെ.പി. പ്രഭാകരൻ : ഇപ്പോൾ വായിച്ച പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന വ്യവസായമാണ് കയർ വ്യവസായം. കയർ വ്യവസായത്തിനുള്ള സഹായം 1985-86-ൽ പകുതി കണ്ട് കുറയ്ക്കുന്നതിനുള്ള കാരണമെന്താണ് ? അതിൻെറ പ്രശ്നം പരിഹരിച്ചു കഴിഞ്ഞതുകൊണ്ടാണോ ? 1986-87-ലെ കണക്ക് വായിച്ചപ്പോഴും സംശയമുണ്ട്. ഈ വർഷം എന്തു തുക ചെലവഴിക്കുമെന്നാണ് ഉദ്ദേശിക്കുന്നത് ? 1985-86 അവസാനിച്ച വർഷമാണ്. അത് പകുതി ആയിരിക്കുകയാണ്. അത് കുറയാനുള്ള കാരണമെന്താണ് ?

ശ്രീ. ഇ. അഹമ്മദ് : ഞാൻ നേരത്തെ പറഞ്ഞു, സഹകരണസംഘങ്ങൾക്ക് ആവശ്യമായ സഹായത്തിനുവേണ്ടി കയർ ഫെഡറേഷന് ഉള്ള സഹായവും സൗകര്യവും ഗവൺമെൻറ് ചെയ്തിട്ടുണ്ട്. കോ-ഓപ്പറേറ്റീവൈസേഷൻ സ്കീമിലാണ് കൂടുതൽ തുക ചെലവഴിക്കുന്നത്. കോ-ഓപ്പറേറ്റീവൈസേഷൻ തുടങ്ങിയാലുടൻ ആവുന്നത്ര സഹകരണസംഘങ്ങൾക്ക് എത്തിക്കാവുന്ന സഹായം എത്തിച്ചു കൊടുക്കാൻ ഈ ഗവൺമെൻറ് തീരുമാനിക്കുകയും അർഹമായ മിക്ക സൊസൈറ്റികൾക്കും അത് ലഭ്യമാക്കുകയും ചെയ്തു. അതിന് ചില നോംസ് ഉണ്ട്. നോംസിൻെറ അടിസ്ഥാനത്തിൽ അർഹമായ സഹകരണസംഘങ്ങൾക്ക് ആദ്യം വാങ്ങിയതുകൊണ്ടാണ് പിന്നെ

LIBRARY ARCHIVES Kerala Legislative Assembly

സ്വാഭാവികമായും കുറഞ്ഞത് അല്ലാതെ കുറവുകയും വരുത്തിയിട്ടില്ല, കയർ ഫെഡറേഷന് ബാങ്കുകളിൽനിന്ന് കിട്ടാനുള്ള ഗ്യാരൻറി 50 ലക്ഷം രൂപയിൽ 25 ലക്ഷം ലോണും 25 ലക്ഷം ഗ്രാൻറുമായിട്ടാണ് കൊടുത്തത്. ഇതൊക്കെ ഇതിൽ ഉൾപ്പെടുന്നതാണ്. കയർ കോർപ്പറേഷനും ആവശ്യപ്പെടുന്നത് ചെയ്യുന്നുണ്ട്. അതുകൊണ്ട് ഗവൺമെൻറിന് ഈ രംഗത്തെക്കുറിച്ച് വളരെ ബോധ്യമുള്ളതുകൊണ്ടാണ് ആവശ്യമായ എല്ലാ സൗകര്യങ്ങളും പ്രോൽസാഹനവും സഹായവും നൽകുന്നത്. ഇപ്പോഴും അത് തുടരുന്നുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : പ്രകൃതിദത്തമായ അസംസ്കൃത പദാർത്ഥവും വിദേശ മാർക്കറ്റുകളുമാണ് നമ്മുടെ പരമ്പരാഗത വ്യവസായത്തെ നിലനിർത്തുന്നത്. എന്നാൽ ഇന്ന് കൃത്രിമമായി നിർമ്മിക്കുന്ന അസംസ്കൃത പദാർത്ഥങ്ങളും മാർക്കറ്റിൽ സുലഭമായി ലഭിക്കുന്നു. ഈയൊരു ഗൗരവാവസ്ഥ ഗവൺമെൻറ് കണക്കിലെടുത്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ നമ്മുടെ പരമ്പരാഗത വ്യവസായം തകർച്ചയിലേക്ക് പോകാതിരിക്കാൻ ആവശ്യമായ എന്ത് നടപടിയാണ് കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളുടെ മുമ്പാകെയുള്ളത് ?

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ കേന്ദ്ര ഗവൺമെൻറിൻെറ മുമ്പിൽ വയ്ക്കുകയും, കയർബോർഡുമായി കൂടിയാലോചന നടത്തുകയും അതിനെ സംബന്ധിച്ച് നമ്മുടെ സംഘങ്ങളെത്തന്നെ ബോധവാൻമാരാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൻെറ ഉൽപ്പന്നമായ കയർ ആണ് വിദേശമാർക്കറ്റുകളിൽ ഏറ്റവുമധികം പോയിട്ടുള്ളത്. എന്നാൽ ഇന്ന് പശ്ചിമയൂറോപ്യൻ രാജ്യങ്ങളിൽ പലതും ഇതിനുവേണ്ടി മറ്റ് പല വിദേശരാജ്യങ്ങളേയും ആശ്രയിക്കുന്നുണ്ട്. പ്രധാനമായും സമയത്തിന് കിട്ടാത്തതാണ് കാരണം. കിട്ടുന്ന സാധനങ്ങളെക്കുറിച്ച് അവർക്കും ചില അഭിപ്രായങ്ങളൊക്കെയുണ്ട്. അതോടൊപ്പംതന്നെ കാളിറ്റിയെ സംബന്ധിച്ചും പുതിയ നൂഴഞ്ഞുകയറ്റം കൊണ്ടുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളും ഈ വ്യവസായത്തെ ബാധിക്കാതിരിക്കാൻ വേണ്ട നടപടികളും എടുക്കുന്നതിനെക്കുറിച്ചും ഗവൺമെൻറ് കൂടിയാലോചനകളും നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ഈ ഗവൺമെൻറ് വന്നതിനുശേഷം തുടർച്ചയായി ആഘാതമേറ്റുകൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ് കശുവണ്ടി വ്യവസായം. കാപ്പെക്സ് 10 ഫാക്ടറികളും ഏറ്റെടുക്കാൻ വേണ്ടി ഇവിടെ ബിൽ അവതരിപ്പിച്ചപ്പോൾ 65 റഗുലർ ഫാക്ടറികളും സ്ഥിരമായി അടഞ്ഞു കിടക്കുന്നതായി ആ ബില്ലിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. 1984-85-ന് ശേഷമാണ് ആ രംഗത്തേക്ക് അല്പം തുകയെങ്കിലും മാറിവച്ചതായി കണക്കുകളിൽ നിന്ന് മനസ്സിലാകുന്നത്. ഇനി അടഞ്ഞു കിടക്കുന്ന റഗുലർ ഫാക്ടറികളിൽ എത്രയെണ്ണംകൂടി ഏറ്റെടുക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : കശുവണ്ടി വ്യവസായത്തെ ആഘാതത്തിൽ നിന്നു രക്ഷിക്കാനാണ് ഈ ഗവൺമെൻറ് ശ്രമിച്ചത്. അതിനാഘാതമായി വന്നിട്ടുള്ള നടപടികളും എല്ലാം ഗവൺമെൻറ് ഇല്ലാതാക്കുകയും അതിൽനിന്ന് രക്ഷിക്കുകയുമാണ് ചെയ്തത്. കാപ്പെക്സ് രൂപീകരിച്ചത് 1984-ൽ ആണ്. 1984-നു ശേഷം ഓരോ വർഷവും കൂടുതൽ ഫാക്ടറികളും എടുത്തു. അങ്ങനെ ഫാക്ടറികളും എടുക്കുന്നതിന് അനുസരണമായി ഗവൺമെൻറ് സഹായവും നല്കി, കൂടുതൽ തോട്ടണ്ടി ലഭ്യമാകുമ്പോൾ കൂടുതൽ ഫാക്ടറികളും

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുക്കാനുള്ള നടപടികളും എല്ലാം പൂർത്തിയായിട്ടുണ്ട്. തോട്ടണ്ടിയുടെ ലഭ്യത മാത്രമാണ് അതിനാശ്രയിക്കുന്നത്. അതിനാവശ്യമായ സഹായങ്ങളും അപ്പോൾ നൽകുകയും ചെയ്യും.

ശ്രീ. വി. കെ. രാജൻ : കയർ വ്യവസായത്തെ രക്ഷിക്കുന്ന ഒരു ഗവൺമെന്റാണിത് എന്ന് ബഹുമാനപ്പെട്ട മന്ത്രി അവകാശപ്പെടുന്നു. 6-ാം പഞ്ചവൽസരപദ്ധതിയിൽ കേരളത്തിലെ കയർ വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി നീക്കിവച്ച സംഖ്യയിൽ സംസ്ഥാന ഗവൺമെന്റ് ആവശ്യമായ സംഖ്യ ഉൾക്കൊള്ളിക്കാത്തതിനാൽ എട്ടുകോടി രൂപ കേന്ദ്രത്തിൽനിന്ന് നഷ്ടപ്പെട്ട വിവരം വെളിപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. മെമ്പർ ഉദ്ദേശിക്കുന്നത് ഒരുപക്ഷെ കോ ഓപ്പറേറ്റീവ് ഇൻഡസ്ട്രീസ് സ്കീമിനു നീക്കിവച്ചതായിരിക്കാം. ഇൻഡ്യാ ഗവൺമെന്റ് തന്നെ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായത്തെ മാനിച്ചുകൊണ്ട് അതൊരിക്കലും ലാപ്സാകുകയില്ല, തുടർച്ചയായി നടത്തുമെന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആറാം പദ്ധതിയിൽ ലഭ്യമായിക്കഴിഞ്ഞതിനുശേഷം ഇനിയും അതിനർഹമായ സഹകരണസംഘങ്ങളുണ്ടെങ്കിൽ 7-ാം പദ്ധതിയിലും ഉൾപ്പെടുത്തുമെന്ന് സമ്മതിച്ചിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് അങ്ങനെ നഷ്ടപ്പെടുത്തിയിട്ടില്ല, നഷ്ടപ്പെടുത്താനുള്ള നടപടികളെടുത്തിട്ടുമില്ല, കഴിയുന്നത്ര ഉപയോഗിക്കാനാണ് ഗവൺമെന്റ് ശ്രമിച്ചത്.

ഗിരി വർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട ഭൂമി

*333. [359] ശ്രീ. കെ. എം. ഹംസക്കുഞ്ഞ് :
,, കെ. പി. എ. മജീദ് :
,, സി. ടി. അഹമ്മദ് അലി :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗിരിവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ടുപോയ ഭൂമിയെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാൻ ഗവൺമെന്റ് ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ ;

(ബി) എങ്കിൽ ആരെയെല്ലാം ;

(സി) അവർ അത് സംബന്ധിച്ച് എന്തെങ്കിലും വിവരം ഗവൺമെന്റിന് നൽകിയിട്ടുണ്ടോ ;

(ഡി) എത്ര ഗിരിജനങ്ങളുടെ ഭൂമി അന്യാധീനപ്പെട്ടുപോയി എന്ന് വെളിപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ, ബി) പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ടുപോയ ഭൂമിയെ സംബന്ധിച്ച പ്രാഥമിക വിവരം ശേഖരിക്കുന്നതിന് തിരുവനന്തപുരം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഓരോ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചിട്ടുണ്ടായിരുന്നു.

(സി) 1977-ൽ തന്നെ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly